പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.958

29/09/2016 ൽ
മറുപടിയ്ക്ക്

## കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം
ശ്രീ.മുല്ലക്കര രത്നാകരൻ

ഉത്തരം
മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ തുറന്നതുമൂലം എത്ര തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായി എന്ന് വ്യക്തമാക്കാമോ; | (എ) | കാഷ്യൂ കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ തുറന്നതുമൂലം 18000 തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായി. |
| (ബി) | കശുവണ്ടിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | കശുവണ്ടിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സമയബന്ധിതമായി കശുവണ്ടി സീസണുകളിൽ ആയത് സംഭരിക്കേണ്ടതുണ്ട്. നിലവിലുള്ള ചട്ടങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിൽ കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് ചില തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ സുതാര്യമായി മത്സരാധിഷ്ഠിതമായ മാർഗ്ഗത്തിലൂടെ ചെറുകിട ഉല്പാദകരെയും ഉൾപ്പെടുത്തി ഒരു വാങ്ങൽ നയം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടിയുടെ സിംഹഭാഗവും ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ സീസൺ അനുസരിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | ഏകജാലകാടിസ്ഥാനത്തിൽ നടത്താൻ ഒരു എസ്.പി.വി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. ബാങ്കുകളിൽ നിന്ന് യഥാസമയം വർക്കിംഗ് ക്യാപിറ്റൽ ലോൺ ലഭ്യമാക്കുന്നതിലേക്ക് നിലവിലുള്ള ലോണുകൾ ഒ.റ്റി.എസ് ആയി തിരിച്ചടച്ച് പുതിയ ബാങ്ക് ഫിനാൻസിംഗ് ഫെസിലിറ്റി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ കുറഞ്ഞ വിലയ്ക്ക് ടാൻസാനിയായിൽ നിന്നും തോട്ടണ്ടി നേരിട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കശുമാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) | 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, മുറ്റത്തൊരു കശുമാവ് എന്ന പദ്ധതിയിൽ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, സ്കൂളുകൾ, കോളേജുകൾ, മുതലായവരെ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥലദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

Smitha

സെക്ഷൻ ഓഫീസർ